# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ (സംസ്കൃത വേദാന്തം വിഭാഗം) പൊതുസ്ഥലംമാറ്റം 2017 ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ ബി 4/8590/2017/കോ.വി.വ തീയതി: 09.06.2017

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:
1. ഈ ഓഫീസിലെ 13.02.2017 തീയതിയിലെ എ1/1578/2017/കോ.വി.വ നമ്പർ സർക്കുലർ.
2. ജി.ഒ(എം.എസ്)നമ്പർ.27/1994/ഉ.വി.വ തീയതി 21.02.1994.
3. ജി.ഒ(എം.എസ്)നമ്പർ.114/2004/ഉ.വി.വ തീയതി 01.08.2004.
4. ജി.ഒ(പി)നമ്പർ.01/2005/ഉ.വി.വ തീയതി 04.01.2006
5. ജി.ഒ(പി)നമ്പർ.06/2007/പി&ആർ.ഡി തീയതി 04.12.2007.
6. 19.05.2017 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക.
7. 16.05.2017 ലെ ജി.ഒ(എം.എസ്)നമ്പർ.130/2017/ഉ.വി.വ നമ്പർ ഉത്തരവ്.
8. സ.ഉ(പി)നമ്പർ.3/2017/ഉ.ഭ.പ.വ തീയതി 25.02.2017.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ 2017-ലെ പൊതുസ്ഥലംമാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 6 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിൻമേൽ പരാതിയുണ്ടെങ്കിൽ ആയത് 30.05.2017 വൈകുന്നേരം 5.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം സംസ്കൃത വേദാന്തം വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | ഡോ.രഞ്ജിനി.എം അസിസ്റ്റന്റ് പ്രൊഫസർ സർക്കാർ സംസ്കൃത കോളേജ്, തിരുവനന്തപുരം (അപേക്ഷ) | തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ ശ്രീ.ജയപ്രകാശ്.എസ് മാറ്റപ്പെടുന്ന ഒഴിവിൽ |
| 2. | ഡോ.പി.വി.ശ്രീനിവാസൻ അസിസ്റ്റന്റ് പ്രൊഫസർ ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം (അപേക്ഷ) | തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിൽ ഡോ.രഞ്ജിനി.എം മാറ്റപ്പെടുന്ന ഒഴിവിൽ |
| 3. | ശ്രീ.ജയപ്രകാശ്.എസ് അസിസ്റ്റന്റ് പ്രൊഫസർ ഗവൺമെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ | തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിൽ ശ്രീമതി.സുഗന്ധി.വി.കെ മാറ്റപ്പെടുന്ന ഒഴിവിൽ |
| 4. | ശ്രീമതി.സുഗന്ധി.വി.കെ അസിസ്റ്റന്റ് പ്രൊഫസർ സർക്കാർ സംസ്കൃത കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിൽ ഡോ.പി.വി.ശ്രീനിവാസൻ മാറ്റപ്പെടുന്ന ഒഴിവിൽ |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ

019478

കാര്യാലയത്തിൽ രേഖാ മൂലം അറിയിക്കേണ്ടതാണ്. എന്നാൽ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് 'ജോയിനിംഗ് ടൈമിന്' അർഹത ഉണ്ടായിരിക്കുന്നതല്ല.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
ഡോ.പി.അനിത ദമയന്തി
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ .(ഇൻ ചാർജ്ജ്)

1. ബന്ധപ്പെട്ടപ്രിൻസിപ്പാൾ / അദ്ധ്യാപകർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), എസ്.എച്ച് മൗണ്ട് റോഡ്, നാഗമ്പടം ബ്രാഞ്ച് ഓഫീസ്, കോട്ടയം
3. കരുതൽ ഫയൽ/ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി. 09.06.2017

0194786

GOVERNMENT OF KERALA